**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 972** **26-07-2021 - ൽ മറുപടിയ്ക്ക്**

**തീരദേശ ചരക്ക് കപ്പൽ ഗതാഗതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ വി ജോയി,<br>ശ്രീ സി എച്ച് കുഞ്ഞമ്പു | | Shri Ahammad Devarkovil<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് തീരദേശ ചരക്ക് കപ്പൽ ഗതാഗതം ആരംഭിക്കുന്നതിനായുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ; | (എ) | തീരദേശ കപ്പൽ ചരക്ക് നീക്കത്തിന്റെ ഭാഗമായി കൊച്ചി, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് 30/06/2021 മുതൽ 19/07/2021 വരെ മൂന്ന് സർവ്വീസുകൾ നടത്തിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ കൊല്ലം തുറമുഖത്തെക്കൂടി ബന്ധിപ്പിച്ചുകൊണ്ട് കപ്പൽ സർവ്വീസ് നീട്ടുന്നതിനായുള്ള നടപടികൾ പുരോഗമിക്കുന്നു. കൂടാതെ തൂത്തുക്കുടി തുറമുഖവുമായി ബന്ധപ്പെടുത്തി ചരക്കു ഗതാഗതം ആരംഭിക്കുന്നതിനായി ഫ്രോണ്ടിയർ എന്ന ഷിപ്പിംഗ് കമ്പനി മുന്നോട്ട് വന്നിട്ടുണ്ട്. ഈ വിഷയത്തിൽ ചർച്ചകൾ പുരോഗമിക്കുന്നു. കൊല്ലം തുറമുഖത്ത് തീരദേശ കപ്പൽ ഗതാഗതം പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി KMML, FCI, Cashew Board, Tiles and Sanitaryware Dealers Association ഭാരവാഹികൾ, വിവിധ ഷിപ്പിംഗ് കമ്പനികൾ തുടങ്ങിയവരുമായി ബഹു. തുറമുഖ വകുപ്പ് മന്ത്രി 29/06/2021-ൽ ചർച്ചകൾ നടത്തുകയുണ്ടായി. തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | കൊച്ചി, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളെ ബന്ധിപ്പിക്കുന്ന ചരക്ക് കപ്പൽ സർവ്വീസ് പുനരാരംഭിക്കാൻ കഴിഞ്ഞത് സംസ്ഥാനത്തിന്റെ വാണിജ്യ-വ്യവസായ മുന്നേറ്റത്തിന് കരുത്തുപകരാൻ ഇടയാക്കുമെന്ന് കരുതുന്നുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | പ്രസ്തുത സർവ്വീസിന്റെ വിശദാംശങ്ങൾ അറിയിക്കാമോ; | (സി) | നിലവിൽ കൊച്ചി, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള തീരദേശ കപ്പൽ ചരക്കുഗതാഗതം പുനരാരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി മൂന്ന് സർവ്വീസുകൾ നടത്തിയിട്ടുണ്ട്. |
| (ഡി) | തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള | (ഡി) | വിഴിഞ്ഞത്ത് ഇപ്പോൾ നിലവിലുള്ള തുറമുഖത്ത് |

| | | | |
|---|---|---|---|
| | ചെറുകിട തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് തീരദേശ ചരക്ക് കപ്പൽ സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | കണ്ടെയ്നർ കൈകാര്യം ചെയ്യുന്നതിനുള്ള സൗകര്യം ഇല്ലാത്തതിനാൽ ബ്രേക്ക് ബൾക്ക് കാർഗോ മാത്രമേ കൈകാര്യം ചെയ്യുന്നുള്ളൂ. കൊച്ചിയിൽ നിന്നും ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള കപ്പൽ സർവ്വീസ് ആണ് ഇതിനകം ആരംഭിച്ചിട്ടുള്ളത്. ഇത് കൊല്ലത്തേക്ക് നീട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കാസർഗോഡ് തുറമുഖത്ത് കണ്ടെയ്നർ സർവ്വീസ് നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ